# ഉണർവ്

## 2024-2026



## ജി.എൽ.പി.സ്കൂൾ

## കൊട്ടേക്കാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

കേരളത്തിലെ മുഴുവൻ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും മുഴുവൻ കുട്ടികളും പൊതു വിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്താനും കേരള സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന് എല്ലാ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കേണ്ടതുണ്ട്. ഇതിനായി അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ- രാഷ്ട്രീയ സാംസ്കാരിക - സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ ഏജൻസികൾ എന്നിങ്ങനെ എല്ലാവരുടെയും കൂട്ടായ്മ ആവശ്യമാണ്.

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന തത്ത്വത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മികച്ച ഭൗതിക സൗകര്യങ്ങളും, സാമൂഹിക പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്.

സ്കൂൾ പഠനാന്തരീക്ഷത്തേയും പഠന പരിസരത്തെയും മാറ്റിയെടുത്തു പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അധ്യാപകരെ പ്രാപ്തരാക്കിയും, രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിച്ചും. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തിയും. സ്കൂൾ വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്ന എല്ലാ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് നമുക്ക് മുന്നേറാം …..

# വിദ്യാലയ ചരിതം

പാലക്കാട് ജില്ലയിൽ പാലക്കാട് വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ മലമ്പുഴ ബ്ലോക്കിൽ മരുതറോഡ് ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ ചെമ്മൻകാട് ഗ്രാമത്തിൽ അഞ്ച് വൻകിട മാനേജ്മെന്റ് സ്കൂളുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി.എൽ.പി. സ്കൂൾ കൊട്ടേക്കാട്. 1935 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ആദ്യകാലത്ത് മാനേജ്മെന്റ് സ്കൂൾ ആയിരുന്നുവെന്നും പിന്നീട് ഗവൺമെന്റിന് വിട്ടുകൊടുത്തുവെന്നുമാണ് പറയപ്പെടുന്നത്.

കൊട്ടേക്കാട് എണ്ണപ്പാടത്തിലെ ശ്രീ. ശിവശങ്കരമേനോൻ നൽകിയ സ്ഥലത്ത് ചെറിയൊരു കെട്ടിടം സ്ഥാപിച്ചെന്നും സ്കൂളിന്റെ പി.ടി.എ പ്രസിഡന്റും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീ. വീമ്പാളന്റെ നേതൃത്വത്തിൽ കുറച്ചു സ്ഥലം കൂടി വാങ്ങിക്കുകയും എൽ ആകൃതിയിലുള്ള കെട്ടിടം നിർമ്മിച്ചുവെന്നു പറയപ്പെടുന്നു. 1998 – 99 കാലഘട്ടത്തിലാണ് ഡി.പി.ഇ.പി.യുടെ ഭാഗമായി ഇന്നുകാണുന്ന ഓഫീസ് ക്ലസ്റ്റർ റൂം നിർമ്മിച്ചിട്ടുള്ളത്.

2012 ൽ പി.ടി.എ യുടെ നേതൃത്വത്തിൽ തുടങ്ങിയ പ്രീ- പ്രൈമറിയും, ഒന്നുമുതൽ 4 വരെയുള്ള ക്ലാസുകളും, 5 അധ്യാപകരും 2 നോൺ ടീച്ചിംഗ് സ്റ്റാഫുമാണ് ഈ വിദ്യാലയത്തിലുള്ളത്. വാഹനസൗകര്യം, ഇംഗ്ലീഷ് മീഡിയം മറ്റ് പ്രലോഭനങ്ങൾ എന്നിവയക്ക് രക്ഷിതാക്കൾ വഴി മാറിപ്പോകുന്ന അവസ്ഥ മാറ്റിയെടുക്കുന്നതിനുള്ള തീവ്രയത്നത്തിലാണ് പി.ടി.എ. പാഠ്യപദ്ധതി ലക്ഷ്യമിടുന്ന മികവിലേക്ക് എല്ലാ കുട്ടികളേയും എത്തിക്കുന്നതിന് അധ്യാപകരും കഠിനമായി പ്രയത്നിക്കുന്നുണ്ട്. PTA, SMC, MPTA പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പൂർണ്ണ സഹകരണവും പിന്തുണയും വിദ്യാലയത്തിനുണ്ട്.

2023 -2024 അധ്യയന വർഷത്തിൽ അക്ഷരപ്പോര് പദ്ധതിയിലൂടെ മികച്ച തനതു പ്രവർത്തനം കാഴ്ച വെച്ച ജി.എൽ.പി.എസ്.കൊട്ടേക്കാട് പാലക്കാട് ഉപജില്ലയിലെ ഇന്നവേറ്റീവ് അവാർഡ് കരസ്ഥമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും, രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പൂർണ്ണ പിന്തുണയും അധ്യാപകരുടെ കഠിന പ്രയത്നവും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മികവ് പുലർത്തുവാനും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാക്കാനും സാധിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

## 1. വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തും.

- അക്കാദമിക പ്രശ്ന പരിഹാരത്തിനുള്ള വേദിയാക്കി എസ്.ആർ.ജി. ഫലപ്രദമാക്കും
- ഓരോ മാസവും ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണ്ടെത്തുന്ന പഠന പ്രശ്നങ്ങളെ വിശകലനം ചെയ്ത SRG/CPTA വഴി പരിഹാരപ്രവർത്ത പദ്ധതി തയ്യാറാക്കും
- ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാക്കും.
- കുട്ടികളുടെ പഠനതെളിവുകൾ, റഫറൻസ് ചാർട്ടുകൾ പഠനോപകരണങ്ങൾ , പതിപ്പുകൾ, ടീച്ചർ വേർഷനുകൾ ചുമതലാ ചാർട്ടുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ പഠനനേട്ടങ്ങൾ എന്നിവ ആകർഷകമാക്കി പ്രദർശിപ്പിക്കും.

## II. വായന പരിപോഷിപ്പിക്കും

- എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കും വിധം വൈവിധ്യമുള്ള പുസ്തക വായനാനുഭവം ഒരുക്കും.
- **'വീടുണരും പുസ്തകശാല'** എന്ന പദ്ധതിയിലൂടെ രക്ഷിതാക്കളെയും കുട്ടികളെയും മികച്ച വായനാക്കാരാക്കും
- **'നവതിയുടെ നറുമണം'** പദ്ധതിയിലൂടെ 90 പുസ്തകം വായിച്ചു തീർത്ത കുട്ടിക്കും രക്ഷിതാവിനും സമ്മാനങ്ങൾ നൽകും
- ഓരോ ക്ലാസിന്റെയും ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തും. ക്ലാസ് ലൈബ്രറിയൻ, ക്ലാസ് ലൈബ്രറി രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കും. സ്കൂൾ ലൈബ്രറിയിൽ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

## III സർഗ്ഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക

- സ്കൂൾ കലത്തിൽ രചനാ ക്ലാസുകൾ, സാഹിത്യ പ്രവർത്തകരുമായി സംവദിക്കൽ, ശില്പശാലകൾ, സർഗാത്മ രചനകളുടെ പ്രകാശനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കും. സ്കൂൾ മേളകൾ സ്കൂൾ വാർഷികം എന്നിവയിൽ എല്ലാ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കും.

## IV ഐ.ടി.അധിഷ്ഠിതപഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കും

- എല്ലാ കുട്ടികളേയും ഐ.ടി. നൈപുണിയുളളവരാക്കി മാറ്റി അവരുടെ സ്വയം പഠനശേഷി വികസിപ്പിക്കും.
- ഒരു ഐ.ടി ലാബ് സജ്ജീകരിക്കാനുള്ള ശ്രമം നടത്തും .

## V സാമൂഹിക പങ്കാളിത്തം ഉറപ്പാക്കും

- പ്രതിമാസ ക്ലാസ് പി.ടി.എ. ചിട്ടപ്പെടുത്തും
- പഠന മികവുകൾ, അക്കാദമിക നിലവാരം, പ്രശ്ന പരിഹാരാനുഭവങ്ങൾ എന്നിവയുടെ പങ്കിടൽ വേദികളാക്കി ഓരോ ക്ലാസ് പി.ടി.എ. യും മാറ്റും
- മുഴുവൻ കുട്ടികളുടെയും ഗൃഹസന്ദർശനം വഴി വിദ്യാലയ പിന്തുണ ഉറപ്പാക്കും
- കോർണർ പി.ടി.എ അതിഥി ക്ലാസ്സുകൾ, പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ, പഠനയാത്രകൾ, സ്ഥാപന സന്ദർശനങ്ങൾ. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികൾ മറ്റു ജന പ്രതിനിധികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കും.

- കൃഷി വകുപ്പ്, വിവിധ ക്ലബ്ബുകൾ വായനശാല, സാംസ്കാരിക പ്രവർത്തകർ എന്നിവരെ സ്കൂളിലെ പ്രവർത്തനങ്ങളിൽ പങ്കാളി കളാക്കും.

## VI വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കും

- ഫ്രീ പ്ലാസ്റ്റിക് സോൺ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ
- അനുയോജ്യവും ആകർഷകവുമായ ഭൗതീക സൗകര്യം ഒരുക്കും
- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസുമുറികൾ സ്ഥാപിക്കും .
- മാലിന്യ സംസ്കരണത്തിന് പ്രത്യേകം ശ്രദ്ധ നൽകും
- കുട്ടികളിൽ ബോധവൽക്കരണപരിപാടി, സെമിനാർ ശില്പശാല എന്നവ സംഘടിപ്പിക്കും.
- പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തികരിക്കും. കുട്ടികളുടെ അവകാശമായ 1000 മണിക്കൂർ പഠനസമയം ഉറപ്പുവരുത്തും
- ഓരോ കുട്ടിയുമായും ആത്മബന്ധം പുലർത്തും. അവരുടെ വ്യക്തിത്വം ഉൾകൊണ്ട് കൊണ്ട് വികാസത്തിലേക്ക് നയിക്കും. രക്ഷാകർത്താക്കളുടെ സഹായത്തോടെ ഓരോ കുട്ടിയുടെയും പഠനപിന്നോക്കാവസ്ഥ പരിഹരിക്കും.
- വിദ്യാലയ സമീപത്തുള്ള എല്ലാവരുടെയും കുട്ടികളെ പൊതു വിദ്യാഭ്യാസത്തിലെത്തിക്കാൻ തീവ്രമായി പരിശ്രമിക്കും
- കായിക പരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ ഒരുക്കും
- ജലസംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തും
- പോഷകാഹാരവിതരണം കൂടുതൽ മെച്ചപ്പെടുത്തും .

- കമ്പ്യൂട്ടർ ലാബ്, ഭാഷാ ലാബുകൾ, ലൈബ്രറി, ലബോറട്ടറി എന്നിവ നിർമ്മിക്കും .
- ജല സുരക്ഷാ ഉപകരണങ്ങൾ പി.ടി.എ ശില്പശാല വഴി തയ്യാറാക്കി, മുഴുവൻ രക്ഷിതാക്കൾക്കും, കുട്ടികൾക്കും നീന്തൽ പരിശീലനം നൽകി " BLUE ARMY CLUB" രൂപീകരിക്കും .
- ജല സാക്ഷരത, പ്രഥമശുശ്രൂഷ എന്നിവയിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ പരിപാടികൽ നടപ്പിലാക്കും

## പൊതു ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസുമുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുക.
- ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്ത വളർത്താനും, വികസിപ്പിക്കാനും ആവശ്യമായ സന്ദർഭങ്ങൾ ഒരുക്കുക
- കായിക ക്ഷമത വർദ്ധിപ്പിക്കാനും, ജീവിത ശൈലി രോഗങ്ങൾ വരാതിരിക്കാനും വ്യായാമത്തിനും കളികൾക്കും പ്രാധാന്യം നൽകൽ .
- പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കുവാൻ ജൈവവൈവിധ്യ ഉദ്യാനത്തിലെ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുക
- വിദ്യാലയത്തിൽ എത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക
- സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിന് ബോധവൽക്കരണ പരിപാടികൾ വിദഗ്ധരുടെ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക
- ഓരോ ക്ലാസിലെയും പഠന നേട്ടങ്ങൾ കൈവരിക്കാനുതകുന്ന പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ശില്പശാലകൾ സംഘടിപ്പിക്കുക
- സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിക്കുക.
- എല്ലാ വിഷയങ്ങൾക്കും ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
- പ്രത്യേക പിന്തുണ അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക.
- 3+, 4+ കുട്ടികളുടെ സർവ്വതോന്മുഖമായ വിദ്യാഭ്യാസത്തിന് വേണ്ട ആക്ടിവിറ്റി റും തയ്യാറാക്കുക .

- പ്രീപ്രൈമറി കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക ശാക്തീകരണ പരിപാടികൾ നടപ്പിലാക്കും.
- കുട്ടികളുടെ ശാരീരിക, വൈകാരിക, വൈജ്ഞാനിക കായിക വിദ്യാഭ്യാസത്തിനുതകുന്ന ഭൗതീക സൗകര്യങ്ങൾ തയ്യാറാക്കുക
- നിലവിലുള്ള ലോവർ പ്രൈമറിയെ അപ്പർ പ്രൈമറിയായി ഉയർത്തുവാനുള്ള ശ്രമം പി.ടി.എ, എൽ.എസ്.ജി.ഡി വഴി നടത്തുക
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമായി മാറ്റാനുള്ള ശ്രമം നടത്തുക
- അക്ഷരപ്പോര് പദ്ധതിയുടെ തുടർച്ചയും വായന, എഴുത്ത്, എന്നിവ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകും
- ഡിജിറ്റൽ സംവിധാനത്തോടുകുടിയ പുതിയ കെട്ടിടം നിർമ്മിക്കുക. വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തേക്കുയർത്തുക .
- വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളിലും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുക.
- സമീപ പ്രദേശത്തെ പൊതു സ്ഥാപനങ്ങൾ, കോളേജുകൾ, ആശുപത്രികൾ, ക്ലബ്ബുകൾ, സാംസ്കാരിക നായകർ, വിദ്യാഭ്യാസ പ്രവർത്തകൾ എന്നിവരെ വിദ്യാലയവുമായി വ്യത്യസ്ത പ്രോഗ്രാമുകളിലൂടെ സഹകരണം ഉറപ്പാക്കും.
- പൊതു വിദ്യാലയം, പൊതു ഇടം എല്ലാവർക്കും അറിവിന്റെ കേന്ദ്രം എന്ന ആശയത്തിലൂന്നി പ്രവർത്തനങ്ങൾ തയ്യാറാക്കും.

## ഭൗതികം

| | |
|---|---|
| ക്ലാസ് മുറികൾ | - 5 |
| ക്ലസ്റ്റർ റൂം | - 1 |
| ഓഫീസ് റൂം | - 1 |
| ചുറ്റുമതിൽ | - 4 വശത്തുമുണ്ട് |
| അടുക്കള | - 1 |
| സ്റ്റോർ റൂം | - 1 |
| ഡൈനിംഗ് | - |
| ടോയ്‌ലറ്റ് | - 6 |
| മൂത്രപ്പുര | - 1 (ആൺകുട്ടികൾക്ക്) |
| റാമ്പ് & റെയിൽ | - 3 |
| കുടിവെള്ള സൗകര്യം | - ഉണ്ട് (പഞ്ചായത്ത് വക ബോർവെൽ സ്കൂളിലുള്ളത്) |
| പാർക്ക് | - ഉണ്ട് (ഊഞ്ഞാൽ, സിസോ സ്ലൈഡർ, പുഷ്പുൾ ട്രെയിൻ മെറി ഗോ ട്രെയിൻ) |
| ജൈവവൈവിധ്യപാർക്ക് | - ഉണ്ട്(ഔഷധത്തോട്ടം, ശലഭപാർക്ക്, പച്ചക്കറിത്തോട്ടം) |
| മഴവെള്ള സംഭരണി | - ഇല്ല |
| ഫയർഎക്സിറ്റൻഷ്യൻ | - ഇല്ല |
| വാട്ടർ പ്യൂരിഫയർ | - ഉണ്ട് |
| കളിസ്ഥലം | - ടർഫ് -1 |















# പഠനവിഭവങ്ങൾ

| | | |
|---|---|---|
| കമ്പ്യൂട്ടർ | : | ഇല്ല |
| ലാപ്ടോപ്പ് | : | 2 |
| പ്രൊജക്ടർ | : | 3 |
| ലബോറട്ടറി | : | ഇല്ല ( ലബോറട്ടറിയിലേക്കുള്ള ഉപകരണങ്ങൾ അലമാരയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു.) |
| ലൈബ്രറി | : | ഇല്ല ( ലൈബ്രറി പുസ്തകങ്ങൾ അലമാരയിൽ വെച്ചിരിക്കുന്നു) |
| ക്ലാസ് ലൈബ്രറി | : | ഉണ്ട് ( ലൈബ്രറി പുസ്തകങ്ങൾ ക്ലാസിൽ ക്രമീകരിച്ചു വെയ്ക്കുന്നതിനുള്ള സൗകര്യവും ഇല്ല) |
| ഇന്റർനെറ്റ് കണക്ഷൻ | : | ഉണ്ട് കെ ഫോൺ |
| സ്മാർട്ട് ക്ലാസ്റൂം | : | ഇല്ല |
| സയൻസ് കിറ്റ് | : | ഉണ്ട് ( ക്ലാസിനനുസരിച്ച്) |
| മാത്സ് കിറ്റ് | : | ഉണ്ട് ( ക്ലാസിനനുസരിച്ച്) |
| ബയോ മെട്രിക് ഡിവൈസ് | : | ഉണ്ട് |
| കളിയുപകരണങ്ങൾ | : | ഉണ്ട് |
| ഗണിത ക്ലബ്ബ് | : | ഉണ്ട് |
| ശാസ്ത്ര ക്ലബ്ബ് | : | ഉണ്ട് |
| ഭാഷാ ക്ലബ്ബ് | : | ഉണ്ട് |
| ഹെൽത്ത് ക്ലബ്ബ് | : | ഉണ്ട് |
| സുരക്ഷ ക്ലബ്ബ് | : | ഉണ്ട് |
| ഹരിത ക്ലബ്ബ് | : | ഉണ്ട് |

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളിൽ ആധിക്യം നമ്മുടെ സ്കൂളിന്റെ അഡ്മിഷന്റെ എണ്ണത്തെ ബാധിക്കുന്നുണ്ട്.
- നിലവിൽ 55 ശതമാനം കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും കഴിയുന്നുണ്ടെങ്കിലും ബാക്കിയുളള 45 ശത മാനം കുട്ടികളെകൂടി പ്രസ്തുത നിലവാരത്തിലേത്ത് എത്തിക്കേണ്ടതു ണ്ട്.
- ഇംഗ്ലീഷ് ഭാഷ വായിക്കാനും, എഴുതാനും, കുട്ടികൾക്ക് കഴിയുന്നുണ്ടെ ങ്കിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പുറകിലായി കാണപ്പെടുന്നു
- ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് മിക്ക കുട്ടികൾക്കും പ്രയാസമനുഭവപ്പെടുന്നു.
- കമ്പ്യൂട്ടർ പരിശീലനത്തിനായുളള സിസ്റ്റത്തിന്റെ എണ്ണത്തിലെ പരി മിതി
- സ്കൂൾ ലൈബ്രറി ബുക്കുകളുടെ ക്രമീകരണത്തിനായുളള സ്കൂൾ തല, ക്ലാസ തല ക്രമീകരണങ്ങളുടെ (അലമാരകൾ, ഷെൽഫ്) അപര്യാ പ്തത ഒരു വായനാറൂമും ആവശ്യമുണ്ട്.
- കമ്പ്യൂട്ടർ ലാബ് ഇല്ല
- കുട്ടികൾക്ക് ഒരുമിച്ച് ആസ്വദിച്ച് ഭക്ഷണം കഴിക്കുന്നതിനുളള ഡൈനിംഗ് റൂം സൗകര്യമില്ല
- കലാ, കായിക വിദ്യാഭ്യാശം പരിപോഷിപ്പിക്കുന്നതിനുളള സ്റ്റേജ്, കളി സ്ഥലം, കളിയുപകരണങ്ങൾ എന്നിവയുടെ അപര്യാപ്തത .

## ചുമതലാ വിഭജനം

| പേര് | ക്ലാസ് | ചുമതലകൾ |
| --- | --- | --- |
| മുഹമ്മദ് മുട്ടത്ത് ഹെഡ്മാസ്റ്റർ | രണ്ടാം ക്ലാസ് | ❖ ഉച്ച ഭക്ഷണകമ്മിറ്റി<br>❖ അച്ചടക്കം<br>❖ മോണിറ്ററിംഗ്<br>❖ ഇ. ഗ്രാന്റ്സ് |
| ഗീത കെ | 4-ാം ക്ലാസ് | ❖ സ്റ്റാഫ് സെക്രട്ടറി<br>❖ എൽ.എസ്.എസ്. വിദ്യാരംഗം, സയൻസ് ക്ലബ്<br>❖ പ്രീ-മെട്രിക് സ്കോളർഷിപ്പ് |
| മിനി മോഹൻ.കെ | 3-ാം ക്ലാസ് | ❖ എസ്.ആർ.ജി കൺവീനർ<br>❖ ഇംഗ്ലീഷ് ക്ലബ്, സേഫ്റ്റി ക്ലബ്ബ്, മാത്സ് ക്ലബ്<br>❖ ഐ.ഇ.ഡി.സി |
| നിധി വിനയൻ | 1-ാം ക്ലാസ് | ❖ അഡ്മിഷൻ റജിസ്റ്റർ<br>❖ ലൈബ്രറി& ഡോക്യുമെന്റേഷൻ<br>❖ ഹെൽത്ത് ക്ലബ്<br>❖ അക്കാദമിക കലണ്ടർ |

| | | |
|---|---|---|
| റിൻസി.എ | പ്രീ-പ്രൈമറി | ❖ ലോഗ് ബുക്ക്<br>❖ പ്രീ -പ്രൈമറി<br>❖ ഹെൽത്ത് & ഹൈജീൻ |
| ചന്ദ്രൻ.കെ | പി.ടി.സി.എം | ❖ ഹെൽത്ത് & ഹൈജീൻ<br>❖ പൂന്തോട്ടം, അടുക്കള |
| ശാന്തകുമാരി .ടി | കുക്ക് | ❖ ഹെൽത്ത് & ഹൈജീൻ<br>❖ ഉച്ചഭക്ഷണ വിതരണം |

## തനതു പ്രവർത്തനം നവതിയുടെ നറുമണം

സർക്കാർ എൽ.പി. സ്കൂൾ കൊട്ടേക്കാട് 90 വർഷം പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് അക്കാദമിക , സാമൂഹിക, ഭൗതീക പിന്തുണ ഉറപ്പുവരുത്തുന്ന ഒരു തനതു പ്രവർത്തനം ആണ് " നവതിയുടെ നറുമണം" പരിപാടി 2024 മുതൽ 2026 വരെ

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
|---|---|---|
| മണ്ണിനും മനുഷ്യനുംവേണ്ടി ഒരു തൈ | ജൂൺ, ജൂലായ് | വിദ്യാലയത്തിലും വീടുകളിലുമായി 90 വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നു |
| **സർവ്വരും വായിക്കുക - വളരുക** | | |
| 90 വായനാക്കാർഡുകൾ തയ്യാറാക്കുന്നു ( അധ്യാപകർ) | ജൂൺ - ഡിസംബർ | കുട്ടികളെ മികച്ച വായനക്കാരാക്കുന്നു. ഒഴുക്കോടെയുള്ള വായനാശേഷി നേടിയെടുക്കും |
| 90 ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - ഫെബ്രുവരി | സർഗ്ഗാത്മക വായന - ആവിഷ്ക്കാരം, വ്യക്തി, ക്വിസ് തലത്തിലുള്ള വളർച്ച |
| 90 കുട്ടിക്കഥകൾ/കവിതകൾ തയ്യാറാക്കുന്നു ( സ്കൂൾ തലം) | ജൂൺ - ജനുവരി | മുഴുവൻ കുട്ടികൾക്കും സർഗ്ഗാത്മക വളർച്ചക്കുള്ള അന്തരീക്ഷം |

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
|---|---|---|
| നാട്ടറിവ് - പ്രശ്നോത്തരി | | |
| രക്ഷിതാക്കളും കുട്ടികളും ടീമായി പങ്കെടുക്കുന്ന മെഗാക്വിസ് പരിപാടി മു മൂന്ന് ഘട്ടങ്ങളിലായി നടത്തുന്നു | ആഗസ്റ്റ്<br>ഒക്ടോബർ<br>ഡിസംബർ -ജനുവരി | രക്ഷിതാക്കളിലും കുട്ടികളിലും നാട്ടറിവ് പകരുന്നു. സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുന്നു |
| ഒരു ദിവസം ഒരറിവ് - ക്വിസ്സ് | ജൂൺ -മാർച്ച് | പൊതു വിജ്ഞാന ശാക്തീകരണം |
| ഗണിത കേളി - പതിപ്പ് നിർമ്മാണം<br>( ക്ലാസ് തലത്തിൽ) | ജൂൺ - ഡിസംബർ | ഗണിതം ആസ്വാദ്യകരമാക്കുന്നു<br>ഗണിതാശയങ്ങൾ ലളിതമായ രീതിയിൽ സ്വാംശീകരിക്കുന്നു |
| ശാസ്ത്രകൗതുകം- ലഘു പരീക്ഷണക്കുറിപ്പുകളുടെ പതിപ്പ് (സ്കൂൾ തലം) | ജൂൺ - ഡിസംബർ | ശാസ്ത്ര കൗതുകം വളർത്തുന്നു |
| ഇംഗ്ലീഷ് വേൾഡ് - ഒരു ദിവസം - ഒരു വാക്ക് ക്ലാസ് തലത്തിൽ പരിചയപ്പെടുന്നു. പരിശീലിക്കുന്നു<br>മോണിംഗ് ടോക്ക് | ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം ജനിപ്പിക്കുന്നു<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തു് |

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
| --- | --- | --- |
| ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം | ഡിസംബർ - ഫെബ്രുവരി (NSS/IHRD College Eng dept Faculty) | കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് |
| ഭക്ഷ്യമേള - ധാന്യങ്ങൾ ഉപയോഗിച്ചുള്ള 90 വിഭവങ്ങളുടെ പ്രദർശനം പാചകപ്പതിപ്പ് പ്രകാശനം (അരി, ഗോതമ്പ്, മില്ലറ്റ്) | ഡിസംബർ /ജനുവരി | ❖ ആരോഗ്യകരമായ ഭക്ഷണശീലം<br>❖ നാടൻവിഭവങ്ങളുടെ പാചകക്കുറിപ്പ് പരിചയപ്പെടുന്നു<br>❖ പതിപ്പ് പ്രകാശനം |
| വർണ്ണലോകം /<br>ചിത്രം വര മത്സരം കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ളത്<br>2 ചിത്രങ്ങൾ വീതം (വിഷയാധിഷ്ഠിത ചിത്രവും, ഇഷ്ടമുള്ള ചിത്രവും) പതിപ്പ് നിർമ്മാണം | നവംബർ 14<br>ഡിസംബർ 15 | ❖ സർഗ്ഗാത്മകത പരിപോഷണം<br>❖ ചിത്രരചനയിൽ പ്രാവീണ്യം |
| ബ്ലൂ-ആർമി ക്ലബ് മുഴവൻ കുട്ടികൾക്കും, രക്ഷിതാക്കൾക്കും നീന്തൽ പരിശീലനം | ഡിസംബർ - ജനുവരി ഫെബ്രുവരി | ❖ ജലസുരക്ഷാ ബോധവത്കരണം എല്ലാവർക്കും നീന്തൽ നൈപുണി നേടിയെടുക്കൽ ആത്മവിശ്വാസം, സ്വയം സുരക്ഷ വർദ്ധിപ്പിക്കൽ |

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
|---|---|---|
| ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം | ഡിസംബർ - ഫെബ്രുവരി (NSS/IHRD College Eng dept Faculty) | കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് |
| ഭക്ഷ്യമേള - ധാന്യങ്ങൾ ഉപയോഗിച്ചുള്ള 90 വിഭവങ്ങളുടെ പ്രദർശനം പാചകപ്പതിപ്പ് പ്രകാശനം (അരി, ഗോതമ്പ്, മില്ലറ്റ്) | ഡിസംബർ /ജനുവരി | ❖ ആരോഗ്യകരമായ ഭക്ഷണശീലം<br>❖ നാടൻവിഭവങ്ങളുടെ പാചകക്കുറിപ്പ് പരിചയപ്പെടുന്നു<br>❖ പതിപ്പ് പ്രകാശനം |
| വർണ്ണലോകം / ചിത്രം വര മത്സരം കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ളത് 2 ചിത്രങ്ങൾ വീതം (വിഷയാധിഷ്ഠിത ചിത്രവും, ഇഷ്ടമുള്ള ചിത്രവും) പതിപ്പ് നിർമ്മാണം | നവംബർ 14<br>ഡിസംബർ 15 | ❖ സർഗ്ഗാത്മകത പരിപോഷണം<br>❖ ചിത്രരചനയിൽ പ്രാവീണ്യം |
| ബ്ലൂ-ആർമി ക്ലബ് മുഴവൻ കുട്ടികൾക്കും, രക്ഷിതാക്കൾക്കും നീന്തൽ പരിശീലനം | ഡിസംബർ - ജനുവരി ഫെബ്രുവരി | ❖ ജലസുരക്ഷാ ബോധവ്തക്കരണം എല്ലാവർക്കും നീന്തൽ നൈപുണി നേടിയെടുക്കൽ ആത്മവിശ്വാസം, സ്വയം സുരക്ഷ വർദ്ധിപ്പിക്കൽ |

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
|---|---|---|
| ദിനാചരണങ്ങൾ - ക്ലാസ് /സ്കൂൾ തല പ്രാധാന്യമർഹിക്കുന്നവ ദേശീയ, അന്തർ ദേശീയ പ്രാധാന്യമുള്ളവ | ജൂൺ - മാർച്ച് | ❖ സാമൂഹിക-സാംസ്കാരിക ശാസ്ത്ര അവബോധം വളർത്തും പഠന പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം |
| പ്രീ -പ്രൈമറി കുട്ടികളെ 3', 4 ' എൽ.കെ.ജി., യു.കെ.ജി. വിഭാഗമാക്കി പ്രത്യേക ശിശു സൗഹൃദ ക്ലബുകൾ, പഠന പ്രവർത്തനങ്ങൾ | | |

| പ്രവർത്തനങ്ങൾ | കാലാവധി | ഫലപ്രാപ്തി |
| --- | --- | --- |
| അക്ഷരലോകം<br>ലൈബ്രറി പ്രവർത്തനങ്ങൾ | ജൂൺ– മാർച്ച് | വായന, സർഗ്ഗാത്മകത, പരിപോഷണം |
| വിദ്യാർത്ഥികളുടെ വായനാക്കുറിപ്പുകൾ - പതിപ്പ് | ജൂൺ - മാർച്ച് | സർഗ്ഗപതിപ്പ്<br>മാഗസിൻ പ്രകാശനം |
| എല്ലാവർക്കും സ്വന്തം മാഗസിൻ | | |
| രക്ഷിതാക്കളുടെ സർഗ്ഗപതിപ്പ് | | |
| അധ്യാപക ശാക്തീകരണപരിപാടി | ഡിസംബർ - ജനുവരി | പഠന പ്രയാസം നേരിടുന്ന കുട്ടികളോടുള്ള പിന്തുണ പ്രവർത്തനങ്ങൾ ക്ലാസ് തല ആസൂത്രണം |